Draft #2 of File 57757/AC A1-2/2026/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Oct-2026 06:03 PM - Page 1

മഹാത്മാഗാന്ധി സർവകലാശാല, കേരളം

സംഗ്രഹം

മഹാത്മാഗാന്ധി സർവകലാശാല - പഠന വകുപ്പുകളിലും,സ്കൂളുകളിലും നിലവിൽ ഈടാക്കുന്ന ട്യൂഷൻ ഫീസ് ഘടനയ്ക്ക് പകരം ബാച്ച് വൈസ് യൂണിഫോം ട്യൂഷൻ ഫീസ് ഏർപെടുത്തുന്ന വിഷയം - കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് എ 1 സെക്ഷൻ

നമ്പർ. 9200/AC A 1/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.10.2026

പരാമർശം:-1. ഗ്രാജ്യൂറ്റ് സ്കൂൾ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷ.

2. 08.09.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 127/26.09/57757/AC A 1-2/2026/A C A1.

ഉത്തരവ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടപ്പിലാക്കി വരുന്ന 5 % വാർഷിക ഫീസ് വർദ്ധനവ് വിദ്യാർഥികൾക്ക് സാമ്പത്തിക പ്രയാസം സൃഷ്ടിക്കും എന്നതിനാൽ പ്രസ്തുത വർദ്ധനവ് പുനഃ പരിശോധിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ഗ്രാജ്യൂറ്റ് സ്കൂൾ വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചിരിന്നു .

പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂളുകളിലും പഠന വകുപ്പുകളിലും നിലവിലുള്ള ഇയർ വൈസ് റിവിഷൻ **ട്യൂഷൻ ഫീസ്** ഘടനയ്ക്ക് പകരമായി സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി, വിദ്യാർഥികളുടെ ക്ഷേമം എന്നിവ പരിഗണിച്ചുകൊണ്ട് **ബാച്ച് വൈസ് യൂണിഫോം ട്യൂഷൻ ഫീസ്** ഘടന ഏർപ്പെടുത്തുന്നതിനും,തുടർന്ന് പ്രവേശനം നേടുന്ന പുതിയ ബാച്ചുകൾക്കു അപ്പോൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള 5% വാർഷിക വർദ്ധനവ് ഉൾപ്പെടുത്തി പുതിയ ഫീസ് ഘടന നിശ്ചയിക്കുകയും ചെയ്യുന്ന വിഷയം പരിഗണനയ്ക്കായി സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയം 08.09.2026-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, മഹാത്മാഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ടുമെന്റുകളിലും നിലവിലുള്ള ട്യൂഷൻ ഫീസ് ഘടനയ്ക്ക പകരമായി **ബാച്ച് വൈസ് യൂണിഫോം ട്യൂഷൻ ഫീസ്** ഘടന ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് താഴെ പറയുന്ന അംഗങ്ങളെ ചുമതലപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

1. **ഡോ. രജിമോൻ പി .കെ (കൺവീനർ , SSC on Examinations)**
2. **കൺട്രോളർ ഓഫ് ഏക്സാമിനേഷൻസ്**
3. **ഫിനാൻസ് ഓഫീസർ.**

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലക്ഷ്മി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങൾ
2.വൈസ് ചാൻസലറുടെ പി . എസ്
3. രജിസ്ട്രാർ / പരീക്ഷ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി . എ
4. എ സി സി 1/ആക്ഷൻ ടേക്കൺ റിപ്പോർട്ട്/ എ ഡി എ 11.
4. ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 57757/AC A1-2/2026/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Oct-2026 06:03 PM - Page 2

The document is digitally approved. Hence signature is not needed.